സെന്ററുണ്ട്, സബ് ഡിപ്പോയുണ്ട്. 18.7.1997-ലാണ് ചാത്തന്നൂരിൽ ഓപ്പറേറ്റിംഗ് സെന്റർ ആരംഭിച്ചത്. ചാത്തന്നൂരിൽകൂടി കടന്നുപോകുന്ന എല്ലാ ഓർഡിനറി ലിമിറ്റഡ് സ്റ്റോപ്പും, ഓർഡിനറി ഫാസ്റ്റ് പാസഞ്ചർ ബസ്സുകളും ചാത്തന്നൂർ ഓപ്പറേറ്റിംഗ് സെന്ററിൽക്കൂടി കടന്നുപോകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രമല്ല, ചാത്തന്നൂർ ബസ്സ് സ്റ്റേഷനും ജംഗ്ഷനും ഐഡന്റിക്കൽ ഫെയർസ്റ്റേജാക്കി ഉത്തരവിറക്കിയിട്ടുണ്ട്. ചാത്തന്നൂർ ഒരു ബസ്സ് സ്റ്റേഷൻ പ്രവർത്തിക്കുന്നതിനുവേണ്ടി സ്ഥലം കെ.എസ്.ആർ.ടി.സി. ഏറ്റെടുത്തിട്ടുണ്ട്. ഓഫീസ് കെട്ടിടം, ഗ്യാരേജ് കെട്ടിടം, ജീവനക്കാർക്കും യാത്രക്കാർക്കും വേണ്ടിയുള്ള ടോയ്ലറ്റ് എന്നിവയാണ് ഇപ്പോൾ നിലവിലുള്ളത്. എങ്കിലും ഒരു ഡിപ്പോ പ്രവർത്തിക്കുന്നതിനാവശ്യമായ സൗകര്യങ്ങളൊന്നും ലഭ്യമായിട്ടില്ല. സാമ്പത്തിക പരിമിതിമൂലം ഗ്യാരേജിന്റേയും ഓഫീസിന്റെയും വൈദ്യുതീകരണം നടന്നിട്ടില്ല. എം.പി. ഫണ്ടുപയോഗിച്ച് ചുറ്റുമതിലിന്റെ പണി നിർമ്മിതിയുടെ മേൽനോട്ടത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. ടാർ ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചുവെങ്കിലും സാമ്പത്തിക ഞെരുക്കംമൂലം കരാർ ഉറപ്പാക്കുവാൻ കഴിഞ്ഞില്ല. ചാത്തന്നൂർ ഓപ്പറേറ്റിംഗ് സെന്ററിൽ ഇപ്പോൾ മൂന്നു സർവ്വീസുകൾ അനുവദിച്ചിട്ടുണ്ട്. ചാത്തന്നൂരിന് വടക്ക് 15.9 കിലോമീറ്ററിനുള്ളിൽ കൊല്ലത്തും തെക്ക് 22.6 കിലോമീറ്റനിനുള്ളിൽ ആറ്റിങ്ങലും രണ്ട് മേജർ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. 38 കിലോമീറ്ററിനുള്ളിൽ ഒരു ഡിപ്പോകൂടി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത ഇപ്പോഴുണ്ട് എന്നുള്ളത് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. എങ്കിലും വാഹനത്തിന്റെയും ജീവനക്കാരുടേയും ലഭ്യതയനുസരിച്ച് ബസ്സ് സ്റ്റേഷൻ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനനുസരിച്ചും ഇക്കാര്യം സജീവമായി ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

(11) കേരള കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് ഫ്രണ്ടിന്റെ ഉപവാസം

<u>ശ്രീ. ഇ.എം. അഗസ്തി</u> : സർ, നമ്മുടെ സംസ്ഥാനത്തെ സഹകരണ മേഖലയിലെ ജീവനക്കാർ കേരള കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് ഫ്രണ്ടിന്റെ ആഭിമുഖ്യത്തിൽ ഇന്ന് സംസ്ഥാന വ്യപകമായി പ്രതിഷേധദിനം ആചരിക്കുകയും സെക്രട്ടേറിയറ്റുനടയിൽ ഉപവാസമനുഷ്ഠിക്കുകയുമാണ്. സഹകരണ മേഖലയിലെ ജീവനക്കാരുടെ പൊതുവായ പ്രശ്നങ്ങളെ സംബന്ധിച്ചും അതുപോലെ സഹകരണമേഖലയിലെ പ്രശ്നങ്ങളെ സംബന്ധിച്ച് ഗവൺമെന്റിന്റെ ശ്രദ്ധക്ഷണിക്കുകയും ഇതിന് പരിഹാരമുണ്ടാക്കണമെന്ന് ആവശ്യപ്പെടുകയുമാണ് ഉപവാസത്തിന്റെ ഉദ്ദേശം. അവർ ഉന്നയിച്ചിരിക്കുന്ന 15 അടിയന്തിര ആവശ്യങ്ങൾ മുഴുവനും സമയ പരിമിതിമൂലം ഞാൻ പറയുന്നില്ല. എങ്കിലും ഏറ്റവും പ്രധാനമായി അവർ ഉന്നയിച്ചിരിക്കുന്നത് മൽസര പരീക്ഷ നടത്താൻ തീരുമാനിച്ചിരിക്കുന്ന സാഹചര്യത്തിൽ അർഹമായ പ്രൊമോഷൻ സാധ്യതകൾ നഷ്ടപ്പെടുമോ എന്ന ആശങ്കയാണ്. അർഹമായ ആളുകൾക്ക് പ്രൊമോഷൻ സാധ്യത നഷ്ടപ്പെടില്ലെന്ന് ഉറപ്പുവരുത്താനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും സ്വീകരിക്കുകയും സഹകരണ ജീവനക്കാർക്ക് ക്ഷേമനിധി നടപ്പിലാക്കുകയും ഇപ്പോഴത്തെ ക്ഷേമനിധി പരിഷ്ക്കരിക്കുകയും അത് ഒരുലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും ചെയ്യണമെന്നും സഹകരണ ജീവനക്കാർക്ക് പൊതു സർവീസ് കോമൺ സർവീസായി പ്രഖ്യാപിക്കണമെന്നുമുള്ള ആവശ്യമാണുള്ളത്. അതുപോലെതന്നെ സഹകരണമേഖലയെ പൊതുമായി ബാധിക്കുന്ന പ്രശ്നങ്ങളെന്ന നിലയിൽ നമ്മുടെ ജില്ലാ മൊത്തവ്യാപാര സഹകരണസംഘങ്ങളെ പുനരുദ്ധരിക്കാനുള്ള നടപടി

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുകയാണ്. ഈ സംസ്ഥാനത്തെ സഹകരണമേഖല എല്ലാ വകുപ്പുകളുടെ കീഴിലുമായി ചിതറിക്കിടക്കുകയാണ്. കയർ, കൈത്തറി, ഖാദി, ബീഡി, ആശുപത്രി, വനിതാവിദ്യാഭ്യാസം, നഗരവികസനം, സഹകരണസംഘങ്ങൾ എന്നിങ്ങനെ വിവിധ മേഖലകളിലായി സംസ്ഥാനത്തിലെ എല്ലാ വിഭാഗങ്ങളിലും ചിതറിക്കിടക്കുകയാണ്. നാലഞ്ചു മന്ത്രിമാരുടെ കീഴിൽ ചിതറിക്കിടക്കുന്ന ഈ വകുപ്പിൽ, സഹകരണ മേഖല ക്രോഡീകരിച്ച് അതൊരു പൊതു നിയമവകുപ്പിന്റെ കീഴിൽ കൊണ്ടുവരുകയും, ആ പൊതു വകുപ്പിൻ കീഴിലുള്ള എല്ലാ ജീവനക്കാർക്കും ഒരു പൊതുവായ സേവന-വേതന വ്യവസ്ഥകൾ ആവിഷ്കരിക്കത്തക്കരീതിയിലുള്ള ഒരു പദ്ധതി ആവിഷ്കരിക്കുകയും ചെയ്യണം എന്നാണ് എന്റെ ആവശ്യങ്ങളിൽ ഒന്ന്. അത് അങ്ങേയ്ക്ക് മാത്രം ചെയ്യാൻ കഴിയുന്നതല്ല, മുഖ്യമന്ത്രി തന്നെ താല്പര്യമെടുത്ത് ചെയ്യേണ്ടതാണ്. കേരളത്തിലെ സഹകരണ മേഖല വളരെ വ്യപകമായി വളരുകയും, എല്ലാ തലത്തിലും വികസനം പ്രാപിക്കുകയും ചെയ്യുന്ന അവസരത്തിൽ വ്യത്യസ്തമായ വകുപ്പുകളിൽ ചിതറിക്കിടക്കുന്നത് ഈ മേഖലയുടെ പ്രവർത്തനങ്ങൾക്ക് ദോഷകരമാകുമെന്നതുകൊണ്ട്, ആ കാര്യത്തിൽക്കൂടി അങ്ങ് അടിയന്തിരമായി ശ്രദ്ധിക്കണം. ജീവനക്കാരുടെ ഇടയിലുള്ള ആശങ്ക പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഈ കാലഘട്ടം വളരെ പ്രധാനപ്പെട്ടതോടെ സഹകരണ ഭേദഗതി നിയമം സംസ്ഥാനത്തിന്റെ പൊതുജനങ്ങൾക്കുള്ള അഭിപ്രായത്തിനുവേണ്ടി വിട്ടിരിക്കുന്നതായിട്ടുള്ള ഈ ഭേദഗതി നിയമം കൊണ്ടുവരുമ്പോൾ ജീവനക്കാരുടെ താൽപ്പര്യങ്ങൾ പരിരക്ഷിക്കപ്പെടുമെന്ന് ഉറപ്പുവരുത്താൻ, ജീവനക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം നിഷേധിക്കാത്തവിധം അവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കപ്പെടാനും, ക്ഷേമപ്രവർത്തനങ്ങൾ ഉറപ്പുവരുത്താനുമുള്ള നടപടിയെന്നുള്ള രീതിയിൽ ഒരു ചർച്ചയ്ക്ക് അവസരമുണ്ടാക്കണമെന്ന് വിനയപൂർവ്വം ഞാൻ അഭ്യർത്ഥിക്കുകയാണ്.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗവൺമെന്റ് വളരെ ഉദാരമായ സമീപനമാണ് ഇതുവരെ കൈക്കൊണ്ടിട്ടുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ, ഹൗസിംഗ് ഫെഡറേഷൻ, ജില്ലാ സഹകരണ ബാങ്ക്, സംസ്ഥാന സഹകരണബാങ്ക് തുടങ്ങിയ ജീവനക്കാരുടെ ശമ്പളം മെച്ചപ്പെടുത്തുന്ന രീതിയിൽ പരിഷ്കരിച്ചിട്ടുണ്ട്. കൂടാതെ കൺസ്യൂമർ ഫെഡറേഷൻ ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചുകൊണ്ടുള്ള തീരുമാനവുമായി. ജീവിതത്തിന്റെ സമസ്ത മേഖലയിലേയ്ക്കും ഇന്ന് വ്യാപിച്ചിരിക്കുകയാണ്. കേരളത്തിലെ സഹകരണ പ്രസ്ഥാനം ജീവനക്കാർക്ക് മെച്ചപ്പെട്ട സേവന-വേതന വ്യവസ്ഥകൾ അനുവദിക്കുന്നതോടൊപ്പംതന്നെ അവരുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൂടി സ്വീകരിക്കേണ്ടിയിരിക്കുന്നു. അനുദിനം മാറിക്കൊണ്ടിരിക്കുന്ന ഇന്നത്തെ സാമ്പത്തിക ഘടനയും പ്രൊഫഷണൽ മാനേജ്മെന്റ് സംവിധാനവുംകൂടി ഏർപ്പെടുത്തി കാര്യക്ഷമമാക്കാൻ കഴിഞ്ഞാലേ അവർക്ക് കാലഘട്ടത്തിന്റെ വെല്ലുവിളി നേരിടാൻ കഴിയുകയുള്ളൂ. ഈ ഉദ്ദേശം സഫലീകരിക്കുന്നതിനുവേണ്ടിയാണ് ഉയർന്ന തസ്തികകളിലേയ്ക്ക് നേരിട്ടുള്ള നിയമനവും, പ്രൊമോഷനുവേണ്ടി മൽസര പരീക്ഷയും, യോഗ്യതാ നിർണ്ണയ പരീക്ഷയും ഏർപ്പെടുത്തണമെന്ന് തീരുമാനിക്കുകയും സഹകരണ ചട്ടം 184, 185, 186 ഭേദഗതി ചെയ്യുകയും ചെയ്തത്. അത് പിൻവലിക്കുകയെന്നുള്ളത് ഇന്നത്തെ സാഹചര്യത്തിൽ ഒരിക്കലും കഴിയുകയില്ല. സീനിയോറിറ്റി അടി

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാനത്തിൽ മാത്രം പ്രൊമോഷൻ നൽകണമെന്നുള്ള ആവശ്യം പരിഗണിക്കാൻ കഴിയില്ല എന്നകാര്യം ജീവനക്കാരുടെ സംഘടനാ പ്രതിനിധികളുമായി ചർച്ച ചെയ്ത സന്ദർഭത്തിൽതന്നെ ഗവൺമെന്റ് നേരിട്ട് വ്യക്തമാക്കിയിട്ടുള്ളതാണ്. സഹകരണ പെൻഷൻ പദ്ധതി സെൽഫ് ഫൈനാൻസിംഗ് പദ്ധതിയാണ്. ഈ പദ്ധതിയിൽ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിന്റെ പരിധിയിൽ വരാത്തതും സഹകരണവകുപ്പിന്റെ നിയന്ത്രണത്തിൽ വരുന്നതുമായ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മാത്രമേ വരുകയുള്ളൂ. ഈ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം അവയുടെ കഴിവിന്റെ സാമ്പത്തികമായ അടിസ്ഥാനത്തിൽ മാത്രം ഇക്കാര്യങ്ങൾ പരിശോധിക്കാൻ കഴിയുന്നതാണ്. സഹകരണ ജീവനക്കാർക്ക് ഒരു കോമൺ സർവ്വീസ് എന്നത് ഇന്നത്തെ സാഹചര്യത്തിൽ പ്രായോഗികമായിരിക്കില്ല എന്നാണ് ഗവൺമെന്റ് കണക്കാക്കുന്നത്. പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളുടെ ക്ലാസിഫിക്കേഷൻസ് മൂന്ന് കൊല്ലത്തിലൊരിക്കൽ പുനർ നിർണ്ണയം ചെയ്യേണ്ടതാണ്. 1.1.74-ൽ വന്ന ക്ലാസിഫിക്കേഷൻ 1982-ൽ പുനർനിർണ്ണയം ചെയ്തെങ്കിലും ആയത് പ്രാവർത്തികമാക്കാൻ കഴിഞ്ഞിരുന്നില്ല. ഈ വസ്തുതകളുടെ അടിസ്ഥാനത്തിലാണ് 1998-ൽ പുനർനിർണ്ണയം നടത്തിയത്. ക്ലാസിഫിക്കേഷൻ നോംസ് യഥാസമയം നിർണ്ണയം നടത്താത്തതുനിമിത്തം സംഘങ്ങൾ അനർഹമായ ഉയർന്ന ക്ലാസ്സിൽപ്പെട്ട അധിക തസ്തിക സൃഷ്ടിക്കാനും ഉയർന്ന ശമ്പളം നൽകാൻ ഇടവരുകയും ഇത് ഫലത്തിൽ സംഘങ്ങളുടെ പ്രവർത്തനത്തിൽ ദോഷകരമായി ബാധിക്കുകയും ചെയ്യുന്നുണ്ട്. ജീവനക്കാരുടെ പ്രശ്നങ്ങൾ സംഘടനാ പ്രതിനിധികളുമായി കാലാകാലങ്ങളിൽ ചർച്ചചെയ്തിട്ടുണ്ട്. പ്രശ്നങ്ങൾ ഇനിയും ചർച്ച ചെയ്യുന്നതിന് ഗവൺമെന്റ് സന്നദ്ധമാണ്.

(12) കോഴിക്കോട് പബ്ലിക് ലൈബ്രറി ആന്റ് റിസർച്ച് സെന്റർ സംസ്ഥാന ലൈബ്രറി കൗൺസിലിന് കൈമാറാൻ നടപടി

ശ്രീ. എം. ദാസൻ : സർ, കോഴിക്കോട് നഗരത്തിലുള്ള പബ്ലിക് ലൈബ്രറി ആന്റ് റിസർച്ച് സെന്റർ സംസ്ഥാന ലൈബ്രറി കൗൺസിലിന് കൈമാറാൻ അടിയന്തിരമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്. ഇതു സംബന്ധിച്ച് നേരത്തെ ഒരു സബ്മിഷൻ ഞാൻ ഈ സഭയിൽ അവതരിപ്പിച്ചിരുന്നു. അന്ന് ബഹു. മന്ത്രി കോഴിക്കോട്ടെ പബ്ലിക് ലൈബ്രറി എത്രയും പെട്ടെന്ന് ലൈബ്രറി കൗൺസിലിന് കൈമാറാനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് ഈ സഭയിൽ ഉറപ്പ് നൽകിയതാണ്. അത് കഴിഞ്ഞ് മാസം പലത് കഴിഞ്ഞു, ഇതുവരേയും കോഴിക്കോട്ടെ പബ്ലിക് ലൈബ്രറി ലൈബ്രറി കൗൺസിലിന് കൈമാറാനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. കഴിഞ്ഞ നാലു വർഷമായി ഈ ലൈബ്രറിയുടെ പ്രവർത്തനം വളരെ മോശമായ രീതിയിലാണ് നടക്കുന്നത്. അതുകൊണ്ട് എത്രയും വേഗം കോഴിക്കോട്ടെ പബ്ലിക് ലൈബ്രറി ആന്റ് റിസർച്ച് സെന്റർ സംസ്ഥാന ലൈബ്രറി കൗൺസിലിന് കൈമാറാൻ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, മുമ്പ് കോഴിക്കോട് സെൻട്രൽ ലൈബ്രറി പ്രവർത്തിച്ചിരുന്ന സ്ഥലത്ത് ഇപ്പോൾ കോഴിക്കോട് പബ്ലിക് ലൈബ്രറി ആന്റ് റിസർച്ച് സെന്റർ എന്ന സ്വയംഭരണ സ്ഥാപനം ലൈബ്രറി നടത്തുന്നു. അതിന്റെ കെട്ടിടം നിൽക്കുന്ന ഉടമസ്ഥാവകാശത്തെ ചൊല്ലി കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിലും

LIBRARY ARCHIVES Kerala Legislative Assembly